**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2003.** — **15-07-2016-ൽ മറുപടിയ്ക്ക്**

## തൊഴിൽ നിയമപരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. അൻവർസാദത്ത് :<br>ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയത്; വിശദീകരിക്കുമോ; | (എ) തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമ പരിഷ്കരണ സമിതി രൂപീകരിച്ചിട്ടുണ്ട്. 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2(s) ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ; | (ബി) തൊഴിൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2(s) -ലെ "വർക്ക്മാൻ" എന്ന നിർവ്വചനത്തിൽ ഭേദഗതി വരുത്തുക വഴി "സെയിൽസ് പ്രൊമോഷൻ എംപ്ളോയീസിനെ" തൊഴിൽ വ്യവസായ തർക്ക നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക, പ്രസ്തുത വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കുകൂടി ടി നിയമത്തിന്റെ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഇതു നടപ്പിലാക്കുന്നതിൽ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി)1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ചട്ടങ്ങളിൽ ക്രഷ്, വിശ്രമവേളയിൽ ഇരിക്കാനുള്ള സൗകര്യം, തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം, തൊഴിലാളികൾക്ക് |

എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയ ജി.ഒ.(പി) നം. 134/2015/തൊഴിൽ തീയതി 16/09/2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 1958 ലെ മിനിമം വേതന ചട്ടങ്ങളിൽ വേതന സുരക്ഷാ പദ്ധതിയ്ക്ക് നിയമസാധുത നൽകി ജി.ഒ.(പി) നം.84/2015/തൊഴിൽ തീയതി 08/07/2015 പ്രകാരം സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1959 ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങൾ പ്രകാരം ടി മേഖലയിലെ തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ഭേദഗതി ഉത്തരവും (എസ്.ആർ.നം.137/2016 തീയതി 04/02/2016) ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ) ആക്ട്, 1946 പ്രകാരമുള്ള സർട്ടിഫയിംഗ് ഓഫീസർമാരെ നിയമിച്ചുകൊണ്ടും (എസ്.ആർ.നം. 326/2016 തീയതി 07-04-16) ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ളിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേയ്സ് ആക്ട്) 1958, കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു ഭേദഗതി കരടും, സംസ്ഥാനത്തെ തൊഴിൽ മേഖലകളിലും നിയമം മൂലം യാതൊരു വേതനനിരക്കും നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത സർവ്വവിധ തൊഴിലാളികൾക്കും ജീവനക്കാർക്കും അടിസ്ഥാന നിരക്കിൽ ഒരു കേവല വേതനം അവകാശമാക്കുന്നതിനും അനുബന്ധകാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ലക്ഷ്യമാക്കി ഒരു ബില്ലും സർക്കാരിന്റെ പരിഗണനയിലാണ്.

Sreeddy

**സെക്ഷൻ ഓഫീസർ**